## 9. Quantity of arrack to be supplied to arrack shops.

**Mr. K. T. Mathew.**—Before moving my resolution may I request you, Sir, to allow me to delete the word 'for' occuring in the last line and substitute the word "in" instead.

**Deputy President.**—Yes.

Mr. K. T. Mathew.—"This Council requests the Government to fix the quantity of arrack to be supplied annually to each of the arrack shops in the State before auctioning the shops and reduce the total quantity of arrack to be supplied by 5% from year to year *in* the next 5 years.'

സാർ, ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിയ്ക്കുന്നതു് ചാരായഷാപ്പുകളിലേയ്ക്കു് വർഷം തോറും കൊടുക്കുന്ന ചാരായം ഇത്രയാണെന്നു നിശ്ചയപ്പെടുത്തേണ്ടതാണെന്നും, അഞ്ചു വർഷത്തേയ്ക്കു് ഓരോ കൊല്ലവും ഓരോ ഷാപ്പിലേയ്ക്കും കൊടുക്കുന്ന ചാരായം കുറച്ചു കൊണ്ടുവരേണ്ടതാണെന്നുമാണു്. ഈ പ്രമേയത്തിലെ സംഗതിയെ സംബന്ധിച്ചു പറയുന്നതിനു മുമ്പായിട്ടു തന്നെ ഈ വിഷയത്തെ കുറിച്ചു സംസാരിയ്ക്കുന്നതിനുള്ള പ്രയാസത്തെപ്പറ്റി പ്രസ്താവിച്ചുകൊള്ളട്ടെ. ശവമ്മെണ്ടിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്ന റിപ്പോർട്ടുകളുടേയും, അവയിന്മേൽ ശവമ്മെണ്ടു പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുകളുടേയും ഓരോ പ്രതികൾ ഈ നിയമസഭാ ലൈബ്രറിയിൽ ഉണ്ടായിരുന്നാൽ വളരെ ഉപകാരമായിരിയ്ക്കും. എക്സൈസു കമ്മിറ്റിയുടെ റിപ്പോർട്ടും അതിന്മേൽ ശവമ്മെണ്ടു പ്രസിദ്ധപ്പെടുത്തിയിരിയ്ക്കുന്ന ഉത്തരവും നോക്കുവാൻ വേണ്ടി അതിന്റെ ഒരു കാപ്പി കിട്ടണമെന്നു് ഞാൻ നിയമസഭാ ലൈബ്രറിയിലേയ്ക്കു് എഴുതികൊടുത്തയച്ചു. അതു് ഇവിടെ ഇല്ല എന്നാണു് മറുപടി കിട്ടിയതു്. ഇതെല്ലാം ലൈബ്രറിയിൽ ഉണ്ടായിരിക്കേണ്ടതാണു്. ഇതിനു് ശവമ്മെണ്ടിനു പണച്ചിലവും വലുതായി ഒന്നുമില്ല. ഇതു് എല്ലാ ശവമ്മെണ്ടുകളും ചെയ്തുവരുന്നതുമാണു്. അതു കൂടാതെ നിയമസഭയിൽ ഏതെങ്കിലും കടലാസുകൾ മേശയിന്മേൽ വച്ചിട്ടുണ്ടെങ്കിൽ—അതെങ്കിലും മോദിഭാഗിച്ചതനുസരിച്ചു വച്ചിട്ടുണ്ടെങ്കിൽ—അതു നിയമസഭാ ലൈബ്രറിയിലാണു് കൊണ്ടുപോയി വയ്ക്കേണ്ടതു്. അതു് ഒരിയ്ക്കലും ഇവിടെ നിന്നു തിരിച്ചുകൊണ്ടുപോകാൻ പാടില്ല. ശവമ്മെണ്ടിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്ന റിപ്പോർട്ടുകളുടേയും ഉത്തരവുകളുടേയും ഓരോ പ്രതി നിയമസഭാ ലൈബ്രറിയിൽ എപ്പോഴും ഉണ്ടായിരിയ്ക്കേണ്ടതു് അത്യാവശ്യമാണു്. ഞാൻ ആവശ്യപ്പെട്ട കടലാസുകൾ കിട്ടാതെ വന്നതിനാൽ ഈ പ്രമേയം സവിസ്തരം പ്രതിപാദിയ്ക്കുന്നതിനു പ്രയാസമായിട്ടാണിരിയ്ക്കുന്നതു്. അതിനാൽ ഇപ്പോൾ എന്റെ ഓർമ്മയിൽ ഉള്ള ചില സംഗതികളെ അടി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനപ്പെട്ടത്. ഞാൻ ഇവിടെ ഈ പ്രമേയത്തെ പറ്റി ഇപ്പോൾ ചുരുക്കത്തിൽ പറയാം.

ഒന്നാമതായി ഞാൻ ഈ പ്രമേയം കൊണ്ടു് മദ്യനിരോധനം ഉദ്ദേശിച്ചിട്ടില്ലെന്നു വെളിവാക്കി പറഞ്ഞുകൊള്ളട്ടെ. ഇംഗ്ലീഷിൽ മദ്യനിരോധനത്തിനു പറയുന്ന വാക്കു് "പ്രൊഹിബിഷൻ" എന്നാണു്. പ്രൊഹിബിഷൻ ഉടനെ നടപ്പിൽ വരുത്തണമെന്നോന്നും ഈ പ്രമേയം കൊണ്ടു് ഉദ്ദേശിയ്ക്കുന്നില്ലാത്തതിനാൽ ഈ പ്രമേയത്തെ പറ്റി സംസാരിയ്ക്കുന്ന മെമ്പറന്മാർ ഇക്കാര്യം പ്രത്യേകം ഓർമ്മയിൽ വയ്ക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

ഈ പ്രമേയം കൊണ്ടു് ഞാൻ ഉദ്ദേശിയ്ക്കുന്നതെന്താണെന്നുവച്ചാൽ ഗവമ്മെണ്ടു സ്വീകരിച്ചിട്ടുള്ളതായ നയം, അതായതു് "ടെമ്പറൻസു്" നടപ്പിൽ വരുത്തണമെന്നുള്ളതാണു്. ഗവമ്മെണ്ടു് ഈ സഭയിൽവച്ചു തന്നെ പല പ്രാവശ്യവും ടെമ്പറൻസു് ഞങ്ങൾ സ്വീകരിച്ചിരിയ്ക്കുന്നുവെന്നു പ്രസ്താവിച്ചിട്ടുണ്ടു്. "ടെമ്പറൻസു്" നടപ്പിൽവരുത്തി ഒടുവിൽ "മദ്യനിരോധനം, പ്രൊഹിബിഷൻ തന്നെ സ്വീകരിയ്ക്കുവാൻ ഞങ്ങൾ ഏറ്റവും ശ്രമിയ്ക്കുന്നുവെന്നാണു് ഗവമ്മെണ്ടു് പ്രതിജ്ഞ ചെയ്തിട്ടുള്ളതു്. എന്നാൽ പ്രൊഹിബിഷൻ നടപ്പിൽ വരുത്തേണ്ട കാര്യത്തെ കുറിച്ചു് ഒന്നും ഞാൻ ഈ പ്രമേയത്തിൽ പറയുന്നില്ല. ഗവമ്മെണ്ടു നയത്തിന്റെ ആദ്യഭാഗമായ മിതഭോഗം നടപ്പിൽ വരുത്തുക, (അതായതു ടെമ്പറൻസു്) എന്നതു് അത്യാവശ്യമാണു്. എന്നാൽ ഇതനുസരിച്ചു് കാര്യമായി യാതൊന്നും ഗവമ്മെണ്ടു പ്രവൃത്തിച്ചുവരുന്നതായി കാണുന്നില്ല. പള്ളിക്കൂടങ്ങളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികളെ കൂടി മിതഭോഗം പഠിപ്പിയ്ക്കണമെന്നും, അവരുടെ പാഠപുസ്തകങ്ങളിൽ ഇതും കൂടി ഒരു വിഷയമായി ചേർക്കണമെന്നും ഈ സഭ ആവശ്യപ്പെട്ടതിനെ ഗവമ്മെണ്ടു സ്വീകരിച്ചിട്ടുണ്ടു്. എക്സൈസു റിപ്പോർട്ടിന്മേൽ ഗവമ്മെണ്ടു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഉത്തരവിലും മുൻ പ്രസ്താവിച്ച നയം തന്നെയാണു് ഗവമ്മെണ്ടു സ്വീകരിച്ചിരിയ്ക്കുന്നതെന്നു പ്രസ്താവിച്ചിട്ടുള്ളതു്. ഇതേനയം തന്നെ സ്വന്തം ഗവമ്മെണ്ടുകളും സ്വീകരിച്ചിട്ടുള്ളതായി കാണുന്നുണ്ടു്.

എന്നാൽ ഈ നയം നടപ്പിൽ വരുത്തുന്നതിനു് ഗവമ്മെണ്ടു എന്തു ചെയ്തിട്ടുണ്ടെന്നു നോക്കിയാൽ ഗവമ്മെണ്ടിൽനിന്നും ഈ നയത്തെ ഉടനെ അധികമൊന്നും പ്രവൃത്തിച്ചിട്ടില്ലെന്നു കാണാം. മിതഭോഗ നയം സ്വീകരിച്ചു നടപ്പിൽ വരുത്തിയിട്ടുണ്ടെന്നു വരികിൽ, രണ്ടുനാലു കൊല്ലം ചിലവായിട്ടുള്ള മദ്യത്തിന്റെ കണക്കു നോക്കിയാൽ മദ്യപാനം കുറഞ്ഞിട്ടുണ്ടെന്നു കാണേണ്ടതാണു്. എന്നാൽ എക്സൈസു് ഡിപ്പാർട്ടുമെണ്ടു റിപ്പോർട്ടുകൾ നോക്കുമ്പോൾ മദ്യപാനം കുറഞ്ഞതായി കാണുന്നില്ല. മദ്യപാനം കൂടിക്കൂടിവരുന്നതായിട്ടാണു് കാണു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു്. മദ്യപാനം വർദ്ധിപ്പിക്കണമെന്നാണു് വാസ്തവത്തിൽ ഗവമ്മെണ്ടിനുദ്ദേശമുള്ളതെങ്കിൽ ആ സംഗതി ഈ സഭയിൽ ഒളിച്ചുവയ്ക്കാതെ വിളിച്ചു പറയരുതോ എന്നാണു് ഞാൻ ചോദിയ്ക്കുന്നതു്. വാസ്തവം പറഞ്ഞാലെന്താണു വിരോധം!! മദ്യപാനം കൂടിവരുന്നുണ്ടെന്നു ഞാൻ അടിസ്ഥാനമില്ലാതെ പ്രസ്താവിയ്ക്കുകയാണെന്നു് ആരും തെറ്റിദ്ധരിയ്ക്കണ്ടാ. ഇതിനുമുമ്പു് ഞാൻ ഈകാര്യത്തെപ്പറ്റി ഗവമ്മെണ്ടിനോടു് ചോദിച്ച ചോദ്യങ്ങൾക്കു കിട്ടീട്ടുള്ള മറുപടി ഇവിടെ പ്രസ്താവിയ്ക്കാം. അവയിൽനിന്നു് സത്യാവസ്ഥ മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്.

൧൯൨൭-ാമാണ്ടിൽ നമ്പർ പ്രൂഫ് ഗ്യാലൻ ചാരായം നമ്മുടെ നാട്ടിൽ ചിലവായിട്ടുണ്ടു്. ൧൯൨൮-ൽ അതു് ൩൫,൪൮൨ ആയി വർദ്ധിച്ചു. ൧൯൨൯-ൽ അതു് ൪൦,൩൨൬ ആയി വർദ്ധിച്ചു. ൧൯൩൦-ൽ ൪൨,൪൨൦ ആയി കൂടി. ൧൯൩൧-ൽ ൪൩,൭൫൪ ആയി. ഇങ്ങനെ ൧൯൨൭ മുതൽ ൧൯൩൨ വരെയുള്ള കണക്കുകൊണ്ടു് ൧൫,൩൦൩ ഗ്യാലൻ ചാരായം അതായതു് അൻപതു ശതമാനം വർദ്ധിച്ചിട്ടുള്ളതായി കാണുന്നു. ഇതാണോ ഗവമ്മെണ്ടിന്റെ മദ്യനിരോധന നയം. എക്സൈസ് കമ്മിഷണർ റിപ്പോർട്ടിൽനിന്നു മറ്റൊരു പ്രധാനസംഗതി ഗ്രഹിക്കേണ്ടതായിട്ടുണ്ടു്. ഈ റിപ്പോർട്ടു് അന്നത്തെ എക്സൈസ് കമ്മീഷണർ എഴുതിയിട്ടുള്ളതാണു്. അദ്ദേഹം ചാരായം കുടിക്കുന്നതു് കള്ളു കുടിക്കുന്നതിനേക്കാൾ വളരെ ദോഷമുള്ളതാണെന്നു് ആ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടു്. ആസ്ഥിതിക്കു ചാരായ മദ്യപാനം കുറയ്ക്കുന്നതിനു് ഗവമ്മെണ്ടിൽനിന്നും എന്തെങ്കിലും ചെയ്യേണ്ടതു് അത്യാവശ്യമായിരുന്നു. ചാരായ മദ്യപാനം അധികം ദോഷത്തെ ചെയ്യുമെന്നു് ഗവമ്മെണ്ടിനുകൂടി ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഇനിയും അതിന്റെ ചിലവു വർദ്ധിപ്പിച്ചു് നിലനിർത്തിക്കൊണ്ടുപോകുവാൻ വിചാരിയ്ക്കുന്നതു് നല്ലതല്ല. ഗവമ്മെണ്ടിൽനിന്നും ഈ വിഷയത്തിൽ വേണ്ടതു ചെയ്യാത്തതുകൊണ്ടാണു് മദ്യപാനം കൊല്ലംതോറും വർദ്ധിച്ചുകൊണ്ടുവരുന്നതു്. ഇതിനു് ഗവമ്മെണ്ടു് ഒരു പരിഹാരമാർഗ്ഗം കാണുന്നില്ലെങ്കിൽ ആ മാർഗ്ഗം ചൂണ്ടിക്കാണിച്ചു കൊടുക്കുവാൻ വേണ്ടിയാണു് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. അഞ്ചുവർഷക്കാലത്തേയ്ക്കുമാത്രം ഗവമ്മെണ്ടു് ഇന്നവിധം ചെയ്യണമെന്നാണു് ഈ പ്രമേയത്തിൽ പറയുന്നതു്. ഇപ്പോൾ കൊല്ലംതോറും ചാരായഷാപ്പുകൾ ലേലംവിളിച്ചു കൊടുക്കുന്നുണ്ടു്. മുൻകൂട്ടി ഓരോ ഷാപ്പിനു ഇത്ര ചാരായം കൊടുക്കാമെന്നു തീർച്ചപ്പെടുത്തി അതനുസരിച്ചു ഷാപ്പുകൾ ലേലം വിളിച്ചു കൊടുക്കണം. ഇതിലും കൂടുതലായി ചാരായം വില്ക്കുവാൻ അനുവദിക്കുന്നതല്ലെന്നു ഷാപ്പു

LIBRARY ARCHIVES Kerala Legislative Assembly

കാര്യം മനസ്സിലാകും. അതനുസരിച്ച് ഷാപ്പുകാർ വില്ക്കുന്ന ചാരായവും കുമ്പെട്ടുള്ളതും.

ഗവണ്മെണ്ടിൽനിന്നുതന്നെ ചാരായ വില്പനയെപ്പറ്റി ചില നിയമങ്ങളെല്ലാം ഉണ്ടാക്കീട്ടുണ്ട്. രാത്രി ഇത്രമണിയ്ക്കു ശേഷം ഷാപ്പുതുറന്നു വില്ക്കുയം നടത്തുവാൻ പാടില്ല; സ്ത്രീകൾക്കും മദ്യം കൊടുക്കുവാൻ പാടില്ല; കുട്ടികൾക്കു കൊടുക്കുവാൻ പാടില്ല എന്നൊക്കെ ചില നിയമങ്ങൾ ഗവണ്മെണ്ടുതന്നെ ഏർപ്പെടുത്തിട്ടുണ്ട്. അതുപോലെ മറ്റുചില നിയമങ്ങൾകൂടി ഉണ്ടാക്കിയാൽ ഈ പ്രമേയത്തിലെ തത്വം നടപ്പിൽ കൊണ്ടുവരുവാൻ യാതൊരു പ്രയാസവും ഉണ്ടാകുന്നതല്ല.

ഈ അവസരത്തിൽ എനിക്ക് ഈ പ്രമേയത്തെപ്പറ്റി കൂടുതലായി ഒന്നും പറയുവാനില്ല. ഗവണ്മെണ്ടിന്റെ ഇപ്പോഴത്തെ നയം ഏതുതരത്തിലാണെന്നുള്ള മറുപടി കേട്ടതിനുശേഷം വേണ്ടതു പിന്നാലെ പ്രസ്താവിച്ചുകൊള്ളാം.

**Mr. E. Ikkanda Warriar.**—I second it.

മിസ്റ്റർ ജോസഫ് പെട്ട.—ഒരു സംഗതി ചോദിച്ചറിയുവാനുണ്ട്. എ എ മുതൽ എഫ് ർ വരെ വിദേശമദ്യം എത്ര ചിലവായിട്ടുണ്ടെന്നു അപ്രാക്സ്മെറ്റ് ആയിട്ട് ഒരു കണക്കു പറയാൻ സാധിയ്ക്കുമോ?

**Mr. M. P. Cherian.**—I want notice.

മിസ്റ്റർ ജോസഫ് പെട്ട.—എ എ മുതൽ എഫ് ർ വരെ മദ്യപിച്ചിട്ടുള്ള നിങ്ങളുടെ ഏകദേശമുള്ള ഒരു കണക്ക് നോക്കി ഏതുവഷ്ത്തിലാണ് കൂടുതലെന്നു പറയാമോ?

**Mr. M. P. Cherian.**—It is impossible.

**Mr. George Chakyamuri.**—I rise to oppose this motion. But in doing so I may assure the Hon'ble mover that I am in perfect agreement with many of the sentiments expressed by him. It is also my case that the Government committed an initial folly of committing itself to a policy of prohibition or temperance, whatever it might be. As far as I can understand that was the initial mistake that the Government committed and once that mistake is there the Government have no logical position .If the Government say that they are for prohibition or for temperance, then logically this resolution has to be accepted. My case is that the Government committed the initial mistake by saying that they are for prohibition. I am afraid the Hon'ble mover of the resolution made a mistake in defining Government policy as temperance. Government's policy in the early days at least was the goal of total prohibition.

**Mr. K. T. Mathew.**—That is more than temperance.

**Mr. George Chakyamuri.**—That was the mistake that the Government made. They had no business to rush to that and

LIBRARY ARCHIVES Kerala Legislative Assembly

accept a policy of total prohibition. I ask the Government and the Hon'ble Members on this side whether any of the civilised Governments in the west would accept such a policy and further whether they could stand for one hour if they declare this policy of total prohibition as a serious proposition. The mistake came this way, as far as I can see it. In British India where there is a foreign Government it was the tendency of the agitators to attack the Government in all vulnerable points. Hence they started the easily available cry—this foreign bureaucracy is eating into the vitals of the people—this foreien bureaucracy is having this immoral revenue to ruin the people and perpetuate serfdom, etc.. All those cries were started by shrewd political agitators and just to satisfy them, just to appease them, the British Indian Government had to declare from house tops that they have accepted a policy of total prohibition. But I respectfully beg to submit that there was no necessity for this Government to copy it down here, as long as we have no foreign bureaucracy here. The British Government started it, declaring this policy of total prohibition in the Council Chamber, but they were careful to see that their revenue was not diminished even by one pie. They used all sorts of machinations to see that all their revenue was kept up, while still continuing to believe in prohibition. Our Government, following this blindly, said we are also for prohibition.

In the first place before any Government accepts the policy of prohibition it must be established beyond doubt that drink is an evil. I respectfully beg to contend that the latest treatises on the subject go to show that drink is not an unmixed evil. No doubt intemperate drinking will lead to evil. But it is no argument to condemn drink as a whole. The latest statistics on the longevity of life show that the people who drink temperately live longest. This being the position, I cannot but find fault with the Government in having rushed into the policy of absolute prohibition which is not honestly the policy of the Government. On the other hand, if the Government had not adopted that policy and spoken out the honest truth all this trouble would not have arisen. So long as they say that their policy is absolute prohibition certainly they have no other logical stand but to accept this resolution. What is happening on account of this false position is resolutions after resolutions come. Government is not in a position to give an honest reply. They somehow or other tide over present difficulties, then go out of the Council and start temporary shops, and try their level best to get good bids at auctions. That is I say a dishonest position. If the Government takes an honest position that they are for making revenue and encouraging drink, there is abso-

LIBRARY ARCHIVES Kerala Legislative Assembly

lutely no difficulty. The position of the Government now is most awkward. When the Hon'ble Members come forward with resolutions, saying this year we want 5 per cent reduction and another year local option in some place, the Government is not in a position to stand up and answer them straight. They started local option in Nemmara recently. I say it is another example to show how the Government plunges into one false position after another on account of this dishonest policy. I mean to say it was cowardly for them to have started this experiment at all. What is the object of the Government in trying local option in Nemmara? If local option is to be tried, was it not their duty to try it in places inhabited by people? They have cleverly selected Nemmara which is a place full of jackals and other wild animals and nothing else. They cleverly avoided the town of Nemmara and selected Nemmara rural.

**Mr. K. G. Nayar.**—Has the Hon'ble Member seen Nemmara?

**Mr. George Chakyamuri.**—I know it is a place where there are some Brahman agraharams. They would have better tried it in the reclamation area. What I beg to contend is rather than taking to these dubious methods you make an honest avowal —and after all it is not a matter free from controversy. We are for moderate drink and maximum revenue. No Government in India can honestly get on without Excise Revenue. With these observations, I oppose the motion.

**Mr. M. P. Cherian.**—I rise to oppose the motion. Government have no desire to encourage drinking habit. But at the same time any systematic reduction is impossible, for the sale of arrack depends upon several factors, such as, growth of population, general economic condition of the people, increase in duty, suppression of malpractices, state of the season, occurrence of festivals, prevalence of diseases and even the personality of the seller in the shops. It has been found on experience that when a licensee gives up his shop on the ground that it works at a loss, another experienced man takes up his shop and works it at a gain. So that consumption depends upon the seller also. The Hon'ble Member is under the impression that the consumption of arrack is on the increase. On the other hand the statistics collected by the department show that it is just the reverse. In 1095, 6,519 gallons of arrack were consumed. In 1096 it was 39 thousand and odd. Then in 1099 it comes to 40 thousand. Next year, 1100, it was reduced to 33 thousand. Then there is a rise in 1105. It goes up to 51,000.

LIBRARY ARCHIVES Kerala Legislative Assembly

**Mr. K. T. Mathew.**—Perhaps Government have printed false figures in the statement before the House. I read it from a book.

**Mr. M. P. Cherian.**—In 1105 it rose to 51,000. That is the highest figure. In that year there was the construction of the Palghat-Pollachi Railway line. Chittur contributed a large quantity in that year as also Mattancheri. The shops in British-Cochin were not sold in that year. So we find there is fluctuation whenever such things occur. In 1099 there was the heavy flood. In 1100 the figure came down. 1095 was one of the prosperous years. So, people who resort to these places know much better to adjust themselves than we do. They adjust their budgets in accordance with the prosperous conditions. It is not possible also to give a definite quantity of arrack to every shop. In some years it will have to be increased and in some years it will have to be decreased. In 1107 we have got only 27 thousand and odd. In 1108 up to Vrischigam it is only 11,563 gallons as against 14,406 during the corresponding period of 1107. From 65,000 in 1095 the figure has come down to nearly 20 thousand gallons. Instead of an increase therefore, there is a decrease of more than 50 per cent in the consumption of arrack from 1095 to 1107.

There is another thing. The duty has been increased in the Mukundapuram Taluk from 1106 to that obtaining in the northern taluks and as a result we have got more than 50 per cent reduction in consumption. One of my predecessors had shown that on an average every person who is expected to drink gets only 10 or 8 drops. I think by the present consumption the number of drops has been reduced to 3 or 4. There is a mistaken impression that drink is on the increase. On the other hand our experience is that it is declining. Under these circumstances, I have to oppose this resolution.

**Mr. E Ikkanda Warriar.**—You increase the strength of the arrack?

**Mr. M. P. Cherian.**—The strength is the same.

മിസ്റ്റർ എം. കെ. രാമൻ.—ബഹുമാനപ്പെട്ട എക്സൈസ് മെമ്പർ പറഞ്ഞ സംഗതികൊണ്ടുതന്നെ ഈ പ്രമേയം സപ്പോർട്ടു ചെയ്യുന്നതാണെന്നു് അദ്ദേഹം സമ്മതിയ്ക്കുന്നുണ്ടു്. അദ്ദേഹം പറയുന്നതു് കൊല്ലത്തോറും കൊടുക്കുന്ന ഉദ്യോഗത്തിന്റെ തുക കുറഞ്ഞു കുറഞ്ഞു വരുന്നുവെന്നാണു്. അങ്ങിനെ ഒരു (policy) നയം വച്ചുകൊണ്ടു് കൊല്ലത്തോറും ക്രമത്തിൽ മദ്യപാനം കുറച്ചു കൊണ്ടുവരണമെന്നാണു് ഈ നിയമത്തിന്റെ ഉദ്ദേശം. ഇതു് ശരിയ്ക്കു നടപ്പാക്കുന്ന വിഷയത്തിൽ യാതൊരു വിഷമവും വരുകയില്ല. ശരിയ്ക്കുള്ള നയം അവലംബിക്കുന്നു പ്രൊഹിബിഷൻ—എന്നതായിരുന്നു് കാലക്രമത്തിൽ മദ്യപാനം കുറച്ചു കുറച്ചു കൊണ്ടുവന്നു്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ടുവാൻ തീരെ പ്രയാസമുണ്ടെന്നുള്ളതാണോ. അതിനാണോ ഈ മിസ്സ്രീനതെന്നാണോ" ശ്രീമതി ഗൗരിക്കുട്ടി പറയുന്നത്. ആ സ്ഥിതിയിലാണ്" ഈ പ്രമേയത്തിൽ പറയുന്നതായ 10% കൊല്ലം തോറും കുറയ്ക്കുവാൻ ശ്രീമതിക്കോ സർക്കാരിനോ സാധ്യമല്ലെന്നു പറയുന്നതു ശരിയല്ല. ഒരു വ്യവസ്ഥയിന്മേൽ 10% എന്നതു ഒഴിവാക്കുവാൻ വർഷംതോറും അതിന്റെ അളവുകുറച്ചു കൊണ്ടുവരണമെന്നാണ് പ്രമേയത്തിൽ പറയുന്നതു്. ഫാക്ടറി തുടങ്ങുക വളരെ കടുപ്പമാണു്; എന്നാൽ എല്ലാക്കൊല്ലവും അങ്ങിനെ കടുപ്പിക്കുന്നില്ല എന്നെല്ലാം സൂത്രം പറഞ്ഞാൽ താനും ശ്രീമതിക്കോ നയം താനാസരിച്ചു ചെയ്യുന്ന ഒരു പ്രവൃത്തിയായോ വരുന്നില്ല. നാട്ടുകാരെ നന്നാക്കണമെന്നുള്ള ഉദ്ദേശമാണോ" ശ്രീമതിക്കുള്ളതെങ്കിൽ ഈ പ്രമേയത്തിലെ തത്വം സ്വീകരിക്കുകയാണാവശ്യം. മദ്യപാനംകൊണ്ടു ദോഷമില്ലെന്നുള്ള അഭിപ്രായക്കാരനല്ല ഞാൻ.

മിസ്റ്റർ ജാഫ്. ചാക്കാപ്പുറം.—പരിഭാഷപ്പെടുത്തുമോ?

മിസ്റ്റർ എം. കെ. രാമൻ.—പരിഭാഷയിൽ ഉണ്ടാകുമെന്നാണോ" മെമ്പർക്കു അഭിപ്രായമെങ്കിൽ ഞാൻ അക്കാര്യത്തിൽ പരിഭാഷപ്പെടുത്താം. (ചിരി) മദ്യപാനം ജനങ്ങളുടെ ആരോഗ്യത്തിനു് ഉണ്ടാകുമെന്നുള്ള ഒരു പുതിയ പ്രസ്താവനം ഞാൻ പറഞ്ഞിട്ടുണ്ടെന്നു ഇവിടെയെയ്യ പ്രസംഗത്തിൽനിന്നാണോ" മനസ്സിലാക്കിയതു്. രോഗ്യത്തിലും മറ്റും പറഞ്ഞിട്ടുള്ളതു" മദ്യപാനം ദോഷകരമാണെന്നാണോ". നല്ലതാണെന്നു് ആരും ഇതുവരെ പറഞ്ഞുകേട്ടതായി ഞാൻ ഓർക്കുന്നില്ല. ഇപ്പോഴത്തെ കോംബൗണ്ടു പുതിയതാണോ".

ശ്രീമതിക്കു നിന്നും ജനങ്ങളെ നന്നാക്കണമെന്നുള്ള പ്രധാന ഉദ്ദേശമൊന്നുമില്ലെങ്കിലും എക്സൈസു വകുപ്പുതന്നെ എടുത്തിട്ടുള്ളതു്. അതിലെയ്ക്കു് നിശ്ചയമായിട്ടും ശ്രീമതിക്കു് ഈ പ്രമേയം സ്വീകരിക്കുവാൻ നിവൃത്തിയുണ്ടാകുമല്ല. കണക്കു നോക്കുകയാണെങ്കിൽ ഒരു കൊല്ലം ശരാശരി 80,000 ഗാലൻ ചാരായം മിലവാകുന്നുണ്ടു്, 80,000 ഗാലൻ ചാരായം എന്നു പറയുന്നതു" ഈ ഏറണാകുളത്തുള്ള വാട്ടർ ടാങ്കിൽ കൊള്ളുമോ എന്നു" അറിഞ്ഞുകൂടാ. 80,000 ഗാലൻ ചാരായം ഉണ്ടെങ്കിൽ ആ ടാങ്കു് എട്ടാനാം നിറയും. ഇത്രയും ചാരായം ഇവിടത്തെ ജനങ്ങൾ ഒരു കൊല്ലംകൊണ്ടു് കുടിച്ചുതീർക്കുന്നു. അവരെക്കൊണ്ടു് ഇതു കുടിപ്പിക്കുന്നതു്. അതുകൊണ്ടാണു് 10% എങ്കിലും കൊല്ലന്തോറും കുറയ്ക്കണമെന്നു പറയുന്നതു്. ഈ നിരക്കുവച്ചു കുറയ്ക്കുവാൻ സാധിക്കുകയില്ലെങ്കിൽ തന്നെയും കുറെയ്യെങ്കിലും, അല്പമെങ്കിലും കുറയ്ക്കണമെന്നാണു് ഞാൻ പറയുന്നതു". എന്നാൽ ജനങ്ങളുടെ ഇടയിൽ ഇതിലടക്കമുള്ള പ്രചരണ വേലകൾ നടക്കുന്നുണ്ടെന്നുള്ള

തെ ഗവമ്മെണ്ടിൽനിന്നും യാതൊന്നും ചെയ്യുകാണുന്നില്ല. ഷാപ്പു ലേലം വിളിയ്ക്കാൻ പോകുന്ന ആളുകളെ തടയുവാൻ എന്തെല്ലാം പ്രചരണ വേലകളും ആളുകൾക്കു് ഉത്സാഹത്തോടുകൂടി ചെയ്യുവാൻ കഴിയുമോ അതൊക്കെ ചെയ്യുന്നുണ്ടു്. എന്നാൽ എക്സൈസുകാർ ഷാപ്പുകാരോടു് എന്തെല്ലാം പ്രലോഭനങ്ങൾ നടത്താമോ അതൊക്കെ നടത്തുന്നുമുണ്ടു്. എക്സൈസു് കമ്മിഷണർ വരുന്ന ഓരോരുത്തരുടേയും വിചാരം തന്റെ ഭരണകാലത്തു് ആദായം കുറയാനിടവന്നുവെന്നുവച്ചാൽ തനിയ്ക്കു വിലയില്ലാതെയാകും എന്നാണു്. അതുകൊണ്ടു് നല്ലപേരു കിട്ടണമെങ്കിൽ കുറച്ചുകൂടി ആദായം വരുത്താൻ വേണ്ടി എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്യുകയാണു വേണ്ടതു് എന്നു് അവരവർ തീച്ചയാക്കുന്നു. വാസ്തവത്തിൽ നിയമമായി എക്സൈസു് ഭരണം നടത്തിയാൽ ഗവമ്മെണ്ടിനു് ആദായം കുറഞ്ഞു കുറഞ്ഞു വരാതെ തരമില്ല. അപ്പോൾ ആളുകളുടെ യോഗ്യത അനുസരിച്ചു് ആദായം കുറയാനാണു് മാർഗ്ഗം. മദ്യപാനമെന്നുള്ളതു് ഒരു ചീത്ത സമ്പ്രദായമാണു് എന്നു് എല്ലാവർക്കും അറിയാം. അങ്ങിനെയുള്ള ചീത്ത സമ്പ്രദായത്തെ നാട്ടുകാരുടെ ഇടയിൽ പർത്തി കഴിയുന്നിടത്തോളം അവരിൽനിന്നും പണം പിരിച്ചെടുക്കുന്നതു വലിയ കഷ്ടമാണു്. ഗവമ്മെണ്ടു് പൊതുജനങ്ങളുടെ രക്ഷകർത്താവാകുന്നു. അതുകൊണ്ടു് ഗവമ്മെണ്ടിൽനിന്നും തന്നെ ജനങ്ങളുടെ ഇടയിലുള്ള ചീത്ത സമ്പ്രദായത്തെ കളയുവാനുള്ള പ്രചരണ വേലയ്ക്കു് ഉത്സാഹിപ്പിയ്ക്കയാണു വേണ്ടതു്. മദ്യത്തിനു വില വളരെ കൂട്ടണം; കൂട്ടിയാൽ ആളുകൾക്കു് കൂടുതൽ വില കൊടുത്തു കുടിയ്ക്കുവാൻ സാധിയ്ക്കയില്ല; രണ്ടണ വിലയുള്ളതിനു് ര ണ. ആക്കിയാൽ കുടിയ്ക്കാൻ സാധിയ്ക്കയില്ല; എന്നുള്ളതാണു് എക്സൈസു് ഡിപ്പാർട്ടുമെണ്ടിൽനിന്നും വച്ചിട്ടുള്ള നിയമം. അതിനെ എല്ലാം ലംഘിച്ചാണു് ഞങ്ങൾ ഇതു സ്വീകരിയ്ക്കയില്ല എന്നു് എക്സൈസു് മെമ്പർ ഇവിടെ പറഞ്ഞതു്. ഗവമ്മെണ്ടിന്റെ നയം സദുദ്ദേശത്തോടുകൂടിയതാണെന്നു അവർ പറയാവുണ്ടു്. ആ സദുദ്ദേശം പ്രവൃത്തിയിൽ കാണുന്നില്ല. അതുകൊണ്ടാണു് ഇങ്ങനെ ൪ % എങ്കിലും കുറയ്ക്കണമെന്നു് ഒരു പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ ൪ % കുറയ്ക്കുന്നതിനു സമ്മതമില്ലെങ്കിൽ അതിൽ, ഏതെങ്കിലും ഒരു ശതമാനം ആക്കി സ്വീകരിയ്ക്കാമെന്നുണ്ടെങ്കിൽ അതു് ഞങ്ങൾ സ്വീകരിയ്ക്കാം. അതുകൊണ്ടു് ഗവമ്മെണ്ടു് എങ്ങിനെയെങ്കിലും ഈ പ്രമേയത്തിലെ തത്വം സ്വീകരിയ്ക്കേണ്ടതു് അത്യാവശ്യമാണു്. അല്ലാതെ ഇപ്രകാരം ജനങ്ങളെ കുടിപ്പിച്ചു പണമുണ്ടാക്കാമെന്നു വിചാരിയ്ക്കുന്നതിൽ യാതൊരർത്ഥവുമില്ല; അതു് ശരിയുമല്ല അതുകൊണ്ടു് കാലക്രമത്തിലെങ്കിലും ഇതു് ശരിയാക്കിക്കൊണ്ടുവരുവാൻ ഗവമ്മെണ്ടു് തീച്ചയായും നല്ലപോലെ ഉത്സാഹിയ്ക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. എ. ചാക്കോ.—സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുവാനാണ് ഭാവിയ്ക്കുന്നതു്. ബഹുമാനപ്പെട്ട പ്രള്ളരുത്തു മെമ്പറോ എക്സൈസു് മെമ്പറോ പുറഞ്ഞ കാര്യങ്ങളെ ആസ്പദമാക്കിയല്ലാ, ഇതിൽ അന്തർഭ്രതമായിരിയ്ക്കുന്ന വേറെ ചില സംഗതികളെക്കുറിച്ചു മാത്രമാണ് എതിർക്കുവാൻ ആവശ്യമായിട്ടു വന്നിരിയ്ക്കുന്നതു്. ബഹുമാനപ്പെട്ട അവതാരകൻ ചില സ്റ്റാററിസ്റ്റിക്സ് എല്ലാം എടുത്തു പറയുകയുണ്ടായി. ബഹുമാനപ്പെട്ട എക്സൈസു് മെമ്പർ അവർകളും അമ്പതിനായിരം, അറുപതിനായിരം എന്നിങ്ങനെയുള്ള തുകകളും എല്ലാംവായിച്ചു് ഒരു കൊല്ലത്തിൽ കൂടി, ഒരു കൊല്ലത്തിൽ കുറഞ്ഞു എന്നെല്ലാം നമ്മെ കേൾപ്പിക്കയുണ്ടായി. എങ്കിലും ഇവരാരും പ്രധാനമായ ഒരു കാര്യം ഇവിടെ പ്രസ്താവിച്ചിട്ടില്ല. അതു് ഈ കൌൺസിലിനെ ധരിപ്പിക്കുവാൻ വേണ്ടിയാണു് ഇവിടെ രണ്ടു വാക്കു പറയുവാൻ ഞാൻ വിചാരിക്കുന്നതു്. ഇന്നു രാവിലെ നെമ്മാറയിൽ നടക്കുന്ന ലോക്കൽ ഓപ്ഷനെപ്പററി ചിലപോരട്ടങ്ങളും അതിനുള്ള മറുപടിയും ഉണ്ടായി. അതിൽ നിന്നും കൊച്ചി രാജ്യത്തിലുള്ള ആളുകളാണു് രാജ്യാന്തരത്തിൽ കടന്നുപോയി കൂടി നടത്തുന്നതെന്നും, ബ്രിട്ടീഷിലേക്കാണു് അവർ നടക്കുന്നതെന്നും ഏറക്കുറെ എനിയ്ക്കു മനസ്സിലായി. പിന്നെ അവിടെയുള്ള സാധു ഈഴവർക്കു് ചക്കര വ്യവസായം നടത്തുന്നതിനു് ചക്കരക്കത്തി ലൈസൻസു കിട്ടാതേയും കൊടുക്കാതേയും അവരുടെ ജീവിതം മുട്ടിപ്പോയതായിട്ടും, അവരുടെ കാര്യത്തിൽ സഹായം ചെയ്യണമെന്നും ചക്കര ലൈസൻസു കൊടുക്കണമെന്നും കെഞ്ചി അപേക്ഷിക്കുന്നതായിട്ടുമുള്ള ഒരു സംഗതിയും നമ്മൾക്കു കേൾക്കുവാനിടവന്നു. ഇപ്പോൾ 8 % വീതം ചാരായഷാപ്പുകൾക്കു കുറച്ചുകൊടുക്കുകയാണെങ്കിൽ തീർച്ചയായും 8 % കുറച്ചേ ആളുകൾ കുടിക്കുകയുള്ളുവെന്നു് ഈ പ്രമേയാവതാരകനും മറ്റു മെമ്പർമാരും ഇവിടെ പറയുകയുണ്ടായി. ഷാപ്പിൽ വില്ക്കാതെയുള്ള ചാരായം ഈ നാട്ടിൽ ഉൽഭ്രതമാവുന്നുണ്ടെന്നുള്ള വസ്തുത ഓർത്തുവേണം ഈ കാര്യത്തെക്കുറിച്ചു് ഗവർമ്മെണ്ടു് എന്തെങ്കിലും മുന്നോട്ടു വിന്നിക്കുകയൊ പ്രവൃത്തിക്കുകയൊ ചെയ്യുവാൻ. ഈ നാട്ടിൽ തെങ്ങു വൃക്ഷങ്ങൾ ധാരാളമുണ്ടു്. അതിൽ നിന്നും കള്ളെടുത്തു് ധാരാളം ചാരായമുണ്ടാക്കുവാൻ പ്രാപ്തിയും ശീലവുമുള്ളവർ നമ്മുടെ നാട്ടിൽ കുറവല്ല. ഇതു് ആവശ്യമുള്ളവർക്കു് നിർമ്മിച്ചുകൊടുക്കുവാൻ ഈ നാട്ടിൽ ആളുള്ളപ്പോൾ, ആരോ ഒരു കഥ പറഞ്ഞതുപോലെ—കൊക്കിനെ പിടിക്കുന്ന മന്ത്രംപോലെ—യുള്ള മന്ത്രം ഉപയോഗിച്ചു മദ്യപാനം നിറുത്താൻ ശ്രമിച്ചാൽ അതു് അബദ്ധമാണു്. അതുകൊണ്ടു് യാതൊരു ഫലവുമുണ്ടാകുന്നതല്ല. അതിനാൽ ഷാപ്പുകളിലൂടെ കൊടുക്കുന്ന ചാരായം കുറച്ചുകഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടി നമ്മുടെ നാട്ടിൽ കൊയ്യുമെന്നു പറയുന്നതു കേവലം ബുദ്ധിപൂ
ർവ്വമാണെന്നു് എനിക്കു തോന്നുന്നില്ല. അതിനാൽ ഈ പ്രമേയ
ത്തെ ഞാൻ അനുകൂലിക്കണമെന്നു വിചാരിക്കുന്നില്ല.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—ഈ പ്രമേയത്തെ ഞാൻ
ഹാർദ്ദമായി പിന്താങ്ങുന്നു. ഈ ഒരു വിഷയം ഈ സഭയിൽ കൊ
ണ്ടുവരുന്ന അവസരത്തിൽ അവതാരകന്റെ പ്രസംഗം കഴിഞ്ഞാൽ
പിന്നെ കാണുന്ന നടപടി ഏതാണ്ടു് ഈ പ്രമേയത്തിൽ ഉൾപ്പെ
ടുത്തീട്ടുള്ള സാധനത്തിന്റെ ലാഞ്ഛനയോടുകൂടിയതാണൊ എ
ന്നു് എനിക്കു തോന്നിപ്പോകുന്നുണ്ടു്. ചില മെമ്പർമാർ വളരെ
രസാവഹമായിട്ടും ചാതുര്യമായിട്ടും സംസാരിക്കുക എന്നതു് ഇതി
ന്നെസംബന്ധിച്ചിടത്തോളം ഒരു സാധാരണമായിതീർന്നിട്ടുണ്ടു്.
വിഷയത്തിന്റെ ഗൌരവം ലവലേശം പോലും ആലോചിക്കാ
തെ, പ്രസംഗപാടവത്തെ കാണിക്കുവാനൊ, അവരവർക്കു് അഭിരു
ചിയുള്ള വിഷയത്തിൽ ആരെങ്കിലും കൈകടത്തുവാൻ ശ്രമിക്കു
കയാണെങ്കിൽ അതിനെ ശക്തിയോടുകൂടി എതിർക്കുവാനൊ ചി
ലർ ഒരുങ്ങുന്നതായി കാണാറുണ്ടു്. ഇവിടെ ഞങ്ങൾ ഈ വിഷ
യത്തെക്കുറിച്ചു് പ്രതിപാദിക്കുമ്പോൾ അതു് ഗവ്മ്മെണ്ടിനും സ്വീ
കാര്യമായ ഒരു നയമായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.
പള്ളിരുത്തി മെമ്പർ ഇവിടെ പറഞ്ഞമാതിരി ആദ്യം ഗവമ്മെ
ണ്ടിനു് ഇക്കാര്യത്തിൽ വല്ല അബദ്ധവും വന്നുപോയിട്ടുണ്ടെങ്കിൽ
അതു ഞങ്ങൾക്കു പറിയ അബദ്ധമാണെന്നു് സ്വയം സമ്മതിച്ചു്
ഞങ്ങളുടെ നയം പ്രൊഹിബിഷൻ അല്ലാ കഴിയുന്നിടത്തോളം ജ
നങ്ങളെ പിഴിഞ്ഞു പണമുണ്ടാക്കി ആവശ്യമില്ലാത്ത കാര്യങ്ങൾ
ക്കു വിനിയോഗിക്കുക എന്നുള്ളതാണെന്നു് നല്ലവണ്ണം നാവിൻ
നിന്നു പറയുകയാണു വേണ്ടതു്. അല്ലാതെ ഇതു ശരിയല്ല എന്നു
പറഞ്ഞു് എതിർക്കുന്ന നയം തീരെ അബദ്ധമായിട്ടുള്ളതാണു്. ഗവ
മ്മെണ്ടിന്റെ ഉദ്ദേശം കുടി നിറുത്തണം, അതു് കുറേശ്ശയായി
നിറുത്തി അവസാനത്തിൽ തീരെ നിറുത്തണമെന്നുള്ളതാണെ
ങ്കിൽ ഗവമ്മെണ്ടു് അംഗീകരിച്ചിരിക്കുന്ന ആ നയത്തെ നടപ്പിൽ
വരുത്തുവാൻ തയിട്ടുള്ള ചില സംഗതികളാണു് ഈ സഭയിൽ
ബഹുമാനപ്പെട്ട മെമ്പർ കൂണ്ടിക്കാണിച്ചിരിക്കുന്നതു്. ഇതിനെ
പറ്റി വല്ലതും ഇവിടെ സംസാരിക്കുന്നതിനു മുമ്പു് പല്ലാമെ
മ്പർമാരോടും ഞാൻ ആവശ്യപ്പെട്ടതുപോലെ കാര്യത്തിന്റെ ഗൌരവ
മനുസരിച്ചു് നമ്മുടെ പെരുമാറണമെന്നുള്ളതാണു്.

ഇനി ഗവമ്മെണ്ടിനോടു് എനിക്കു പറയാനുള്ളതു് ഇതാണു്.
നമുക്കു ഇങ്ങിനെ ഒരു കൌൺസിൽ ഉണ്ടായിട്ടു് ഇപ്പോൾ എട്ടു
കൊല്ലമായി. ഈ കൌൺസിൽ ഉണ്ടാകുന്നതിനു മുമ്പുള്ള ഈ വ
കുപ്പിലെ ഭരണം കയ്യേറിരുന്ന ഒരു മാനേജർ ഇവിടെ അനുദ്യോ
ഗസ്ഥ മെമ്പറായി ഇരിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ പ്രസംഗം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കേൾക്കുകയുണ്ടായി. ഈ എട്ട കൊല്ലംകൊണ്ട് ഇങ്ങിനെ എത്ര ആളുകൾ ഇവിടെ വന്നു; അങ്ങിനെ ഇവിടെ വന്നവരെ ല്ലാം എവിടെ പോയി എന്നുള്ളതിനെ പററി ആലോചിച്ചാൽ ഈ പ്രൊഹിബിഷൻ വിഷയത്തിൽ ഗവമ്മെണ്ടു കാട്ടിക്കൂട്ടു ന്ന ഗോഷ്ടികളുടെ യഥാർത്ഥ സംഗതി നമുക്കു മനസ്സിലാകും. ഈ കൌൺസിൽ തുടങ്ങുന്നതിനുമുമ്പ് ഇപ്പോഴത്തെ വെള്ളാര പ്പള്ളി മെമ്പറായിരുന്ന പോലീസ് കമ്മീഷണർ. കൌൺസിൽ തുടങ്ങിയപ്പോൾ അദ്ദേഹത്തെ ഈ വകുപ്പിലേയ്ക്കു മാററി. അതു് അദ്ദേഹത്തിന്റെ പരിചയമനുസരിച്ചു കൊടുത്തതാണു്. പിന്നീ ടുവന്നതു് ഒരു ഒന്നാംതരം ഡിസ്ട്രിക്ട ജഡ്ജി ആയിരുന്ന ആളാ ണു്. അതിൽ പിന്നീടുവന്നതു് ഗവമ്മെണ്ടു സെക്രട്ടെറിയായിരു ന്ന ഒരാളാണു്. ഇങ്ങനെ വ്യത്യസ്ഥമായി കൊല്ലത്തിൽ ഓരോ പ്രാവശ്യം ഓരോ ആളുകളെ ഇളക്കി പ്രതിഷ്ഠിക്കുകയാണെങ്കി ൽ ഗവമ്മെണ്ടിന്റെ ശരിയായ നയം നിലവിൽ വരുത്തുവാൻ സാധിക്കുകയില്ല.

ഒന്നാമതായി പ്രൊഹിബിഷൻ ആണു് ഗവമ്മെണ്ടിന്റെ നയമെങ്കിൽ—അതിനെ work out ചെയ്യുവാനാണു് ഉദ്ദേശമുള്ള തെങ്കിൽ—യോഗ്യതയുള്ള ഒരാളെ ആ ഡിപ്പാർട്ടുമെണ്ടിൽവച്ചു് അദ്ദേഹത്തിനുവേണ്ട സൌകര്യങ്ങളെല്ലാം ചെയ്തുകൊടുത്തു് ഈ കാര്യം നിറവേറ്റുവാൻ ശ്രമിക്കണം. അതിനു് ഒരുക്കമില്ലെങ്കിൽ അ തിലെ ശിഥിലമായ കാര്യങ്ങളെ അനുദ്യോഗസ്ഥ മെമ്പർമാരുടെ സഹായത്തോടുകൂടി ചെയ്യുവാൻ ശ്രമിക്കണം. ഈ വകുപ്പിൽ ഇ രുന്നാട്ടുള്ള ഉദ്യോഗസ്ഥന്മാരിൽ ഓരോരുത്തരുടേയും ബഡ്ജറു പ്രസംഗങ്ങളെടുത്തു നോക്കിയാൽ ചിലർ ഇവിടെനിന്നും ചെ നവരെയുള്ള നിലത്തിൽ പ്രസംഗിച്ചിട്ടുള്ളതായി കാണാം. ഓ രോരുത്തരും നിയമപരിചയമുള്ളവരായതുകൊണ്ടു് അവരവരുടെ അത്തോറിട്ടീസു് അവരവർ കാണിക്കും. ഒരോരുത്തർക്കും ഓരോ നയ മാണുള്ളതു്.

ഇനി എക്സൈസ് കമ്മീഷണരെ പററിയാണു് പറയാനു ള്ളതു്. ശരിയായി ഇതു നടപ്പിൽ വരുത്തുവാനുള്ള മനസ്ഥിതിയും സാമർത്ഥ്യവുമുള്ള ഒരാളെ നിശ്ചയിച്ചു് ഈ കാര്യം നിറവേറ്റു വാൻ ഗവമ്മെണ്ടു ശ്രമിക്കണം. അല്ലാത്തപക്ഷം പള്ളിരുത്തി മെമ്പർ പറഞ്ഞമാതിരി ഇതു ഞങ്ങളെക്കൊണ്ടു സാധിക്കുകയില്ല എന്നു നിവർന്നുനിന്നു പറയണം. ഇന്നു രാവിലെ നെമ്മാറയിലെ കാര്യത്തിലേക്കു എന്തു ചിലവു വരുമെന്നു ചോദിച്ചപ്പോൾ അതു വേണോ വേണ്ടയോ എന്നു തീർച്ചയാക്കിയിട്ടില്ല എന്നു മറുപടി പ റഞ്ഞതിൽനിന്നുതന്നെ എവിടെക്കാണു പോകുന്നു ഞങ്ങൾക്കു മ നസ്സിലായി. അതിനാൽ ഇങ്ങിനെയുള്ള നയമൊന്നും ഗവമ്മെ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടു സ്വീകരിക്കാതെ ഉഡുമായ ഒരു നയം സ്വീകരിച്ചു് ഇതു പുറുത്തായിൽ വരുത്തുവാൻ ശ്രമിക്കണമെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ ജോസഫ് പെട്ട്.—ബഹുമാനപ്പെട്ട പള്ളുരുത്തി മെമ്പർ മദ്യപാനം ആരോഗ്യകരമാണെന്നു പറഞ്ഞതിനെപ്പറ്റി ബഹുമാനപ്പെട്ട മെഡിക്കൽ മെമ്പറുടെ അഭിപ്രായമെന്താണെന്നറിഞ്ഞാൽ കൊള്ളാം.

**Dr. D. Raghavendra Rao.**—I myself don't drink, nor have I touched liquor in my life. That much I must say first.

**Mr. K. Ayyappan.**—No matter if you drink. We want only information.

**Dr. D. Raghavendra Rao**—It is merely a question of one's habit and if one drinks moderately, it perhaps, exhilarates one and drowns all his sorrows.

മിസ്റ്റർ ജോസഫ് പെട്ട്.—അതല്ല എന്റെ ചോദ്യം. മിതമായിട്ടു കുടിക്കുന്നവർക്കു വളരെ ദീർഘായുസ്സാണെന്നു് ബഹുമാനപ്പെട്ട പള്ളുരുത്തി മെമ്പർ പറയുകയുണ്ടായി. അതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട മെഡിക്കൽ മെമ്പറുടെ അഭിപ്രായമെന്താണെന്നറിഞ്ഞാൽ കൊള്ളാം.

**Dr. D. Raghavendra Rao.**—I have not got the several statistics regarding "drink in moderation and the longevity of life". That is a thing which has not been worked out.

മിസ്റ്റർ ജോസഫ് പെട്ട്.—ഇതിനെ സംബന്ധിച്ചു് ഇംഗ്ലണ്ടിൽ എവിടെയെങ്കിലും പരീക്ഷണം നടത്തിയതായിട്ടു അറിവുണ്ടോ?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.—ഇല്ല.

മിസ്റ്റർ ജോസഫ് പാകമാറി.—നടത്തിക്കാണും. ഇല്ലെന്നു പറവാൻ നിവൃത്തിയില്ല.

**Mr. K. G. Nayar.**—On a point of information, will the Hon'ble Member for Excise be pleased to say whether at present there is any limitation regarding the quantity of arrack to be supplied to all these shops?

**Mr. M. P. Cherian.**—No.

**Mr. K. G. Nayar.**—Is liquor supplied as and when required?

**Mr. M. P. Cherian.**—Yes.

**Deputy President.**—There is an amendment.

**Mr. T. A. Ramachandra Ayyar.**—The amendment is "Insert after 'auctioning the shops' and before 'and reduced' the following:—"and limit the number of persons to be served in each of the shops".

ഈ പ്രമേയം ഇവിടെ സ്വീകരിച്ചാലും ഇപ്പോകില്ല എന്നുള്ള വിരോധമില്ല. ഗവർമ്മെണ്ടിനു ഒരു വിഷമം മാത്രം വരും. എന്റെ ഭേദഗതിയോടു കൂടി ഇതു സ്വീകരിച്ചാൽ ആ വിഷമം

LIBRARY ARCHIVES Kerala Legislative Assembly

വരുകയില്ല. അതു പൂണ്ടിക്കാണിയ്ക്കുവാനാണ് ഞാൻ വിചാരിയ്ക്കുന്നതു്. ഒരു ഷാപ്പിൽ ഇത്ര 'ആരക്ക്' മാത്രമെ വച്ചു വില്ക്കുവാൻ പാടുള്ളു എന്നവന്നാൽ പതിവായി കുടിയ്ക്കുന്നവക്കെല്ലാം കുടിയ്ക്കുവാൻ സാധിയ്ക്കുയില്ല. ഓരോ ഷാപ്പുകാക്കും 20 കുപ്പിയോ വു കുപ്പിയോ മാത്രമേ കാണുകയുള്ളു. അതെല്ലാം മുൻപെ കുടിച്ചു വരുന്നവർ കുടിച്ചു തീർന്നാൽ പിന്നെ പതിവുകാക്കു കുടിയ്ക്കുവാൻ കിട്ടാതെ വരും. അതു നിമിത്തം ഷാപ്പിൽ തിക്കും തിരക്കും ലഹളകളും ഒക്കെ ഉണ്ടാകും. അതു കൂടാതെ കഴിയ്ക്കുവാനാണ് ഞാൻ ഈ അമൻറുമെൻറു കൊണ്ടുവന്നിട്ടുള്ളതിൻെറ ഉദ്ദേശം

*Amendment lost for want of a seconder.*

*The House rose for the day at 5 p. m.*

C. J. MATHEW,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly